**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടറുടെ ( മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**

**നടപടിക്രമം**

വിഷയം:- ആ.വ.ഡ- ആരോഗ്യവകുപ്പിൽ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ്II തസ്തികയിൽ (31/12/2024-ന്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ താത്കാലിക സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. ഉത്തരവ് നം. ഇ.എസ്2- 15580/2023/ആ.വ.ഡ തീയതി 14/12/2023
2. സർക്കുലർ നം. ഇ.എസ്2- 10343/2024/ആ.വ.ഡ തീയതി. 10/05/2024,03/01/2025

**ഉത്തരവ് നം : ഇഎൽ2/15943 /2025 /ആവഡ തീയതി : 30-06-2025**

ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 30/09/2023 വരെയുള്ള സീനിയോറിറ്റി പട്ടിക പരാമർശം (1)പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു .

തുടർന്ന് 31/12/2024 വരെ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കിയ ജീവനക്കാരുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ (31/12/2024 ന്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ താത്കാലിക സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഈ പട്ടികയിന്മേൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം ആയവ ഈ പട്ടിക

പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആക്ഷേപങ്ങൾ ഒന്നുമില്ലായെന്ന നിഗമനത്തിൽ പട്ടിക അന്തിമമാക്കുന്നതാണ്. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളിന്മേൽ കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ നടത്തുന്നതല്ലായെന്നും ഇതിനാൽ അറിയിക്കുന്നു

താത്കാലിക സീനിയോരിറ്റി പട്ടിക അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
A P Dinesh Kumar
Date: 30-06-2025 18:11:45

അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

പകർപ്പ്:

1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

2.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

3.സൂപ്രണ്ട്, ഇ എഫ് സെക്ഷൻ

4. ഫയൽ /കരുതൽ ഫയൽ